(ബി) ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്കയും ബുദ്ധിമുട്ടും പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ദേശീയപാതകളുടെ വികസനം വഴി പാതകൾക്ക് പുറം ചുമത്തേണ്ടി വരുന്നത് ഒഴിവാക്കാൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയപാതകളായ എൻ.എച്ച്.-17-ഉം 47-ഉം സർവ്വീസ് റോഡുകളോടുകൂടിയ 4 വരിപ്പാതയായി ബി.ഒ.റ്റി. വ്യവസ്ഥയിൽ വികസിപ്പിക്കുവാനും മറ്റ് 5 ദേശീയ പാതകളായ എൻ.എച്ച്. -49, എൻ.എച്ച്. -208, എൻ.എച്ച്. -212, എൻ.എച്ച്.-213, എൻ.എച്ച്.- 220 എന്നിവ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായി വികസിപ്പിക്കാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൽ ബി.ഒ.റ്റി. വ്യവസ്ഥയിൽ വികസിപ്പിക്കുന്നതിന് ചുങ്കം ബാധകമാണ്. അതുപോലെ കോറിഡോർ അപ്രോച്ചിൽ വികസിപ്പിക്കുമ്പോഴും വികസനത്തിന് ആവശ്യമായി വരുന്ന ഭൂമി അനുസരിച്ച് ചുങ്കം പരിരിക്കുവാനും കേന്ദ്ര മന്ത്രാലയം നിർദ്ദേശിക്കുവാൻ സാധ്യതയുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ ടോൾ ആക്ട് പ്രകാരമാണ് ദേശീയപാതകളിൽ ചുങ്കം ഏർപ്പെടുത്തുന്നത്.

(സി) കേന്ദ്ര സർക്കാർ നയമനുസരിച്ച് നിലവിൽ ചുങ്കം ഒഴിവാക്കി ദേശീയപാത വികസനം നടപ്പിലാക്കുവാൻ മാർഗ്ഗങ്ങൾ ഇല്ല. എന്നാൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചർച്ചകൾ നടത്തി സമീപ പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങൾക്ക് ബുദ്ധിമുട്ടാകാത്ത മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

സുരക്ഷിത റോഡുകൾ

332 (1417) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകൾ സുരക്ഷിതമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) റോഡപകടങ്ങൾ പരമാവധി കുറച്ച് റോഡ് സുരക്ഷ വർദ്ധിപ്പിക്കുക എന്നുള്ള ലക്ഷ്യമാണ് കൈവരിക്കാനുദ്ദേശിക്കുന്നത്. റോഡപകടങ്ങൾ കുറയ്ക്കാനുള്ള മുൻകരുതൽ എന്ന നിലയിൽ റോഡ് മാർക്കിങ്ങുകൾ, ഡയറക്ഷൻ ബോർഡുകൾ, സൈൻ ബോർഡുകൾ, ക്രാഷ് ബാരിയറുകൾ, ഹമ്പുകൾ, റംമ്പിൾ സ്ട്രിപ്പുകൾ, റിഫ്ലക്ടറുകൾ, സ്റ്റഡുകൾ തുടങ്ങിയ സുരക്ഷാ ഉപാധികൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ, ജ്യോമട്രിക് ഇംപ്രൂവ്മെന്റ്, ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, സൈറ്റ് ഡിസ്റ്റൻസ് ഇംപ്രൂവ്മെന്റ് എന്നിവയുള്ള ശിപാർശകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽപ്പെടുത്തി കേരള റോഡ് സുരക്ഷ അതോറിറ്റിയെയും, കേരള പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡ് സുരക്ഷാ സെല്ലിനെയും ശക്തിപ്പെടുത്തുക, ജില്ലാ റോഡ് സുരക്ഷാ സമിതികളെ ശക്തിപ്പെടുത്തി കൂടുതൽ മാതൃക സുരക്ഷാറോഡുകൾ എല്ലാ ജില്ലകളിലും ഉണ്ടാക്കുക എന്നിവയാണ് പ്രധാനമായും ചെയ്യുക.

(സി) പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാതല റോഡ് സുരക്ഷാ സമിതി, കേരള റോഡ് സുരക്ഷാ അതോറിറ്റി എന്നിവ മീറ്റിംഗുകളും, സംസ്ഥാനതല അവലോകന യോഗങ്ങളും സംഘടിപ്പിച്ച് വരുന്നുണ്ട്. സംസ്ഥാനത്ത് നടക്കുന്ന റോഡ് അപകടങ്ങളുടെ എണ്ണം നിരീക്ഷിക്കുകയും ആയത് കുറയ്ക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയും ചെയ്യുന്നു.

തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ റോഡുകൾ

333 (1418) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഏതൊക്കെ റോഡു പ്രവൃത്തികൾക്ക് ഏതൊക്കെ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക വീതം അനുവദിച്ചെന്ന് വിശദമാക്കാമോ;

(ബി) ഈ ഓരോ പ്രവൃത്തിയും ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly